**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3398** **04-08-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി.) തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | 29.8.2019-ന് കാലഹരണപ്പെട്ട കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി.) തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഇരുപത്തിയഞ്ച് ഒഴിവുകൾ താൽക്കാലികമായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും ഉദ്യോഗാർത്ഥികൾക്ക് നാളിതുവരെ നിയമനം നൽകാൻ കഴിയാത്ത സാഹചര്യം വന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) | ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 760/2019 ഹർജിയിലെ 19.08.2019-ലെ വിധി പ്രകാരം കാസർഗോഡ് ജില്ലയിൽ ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്ത പഞ്ചായത്തുകളിലെ 25 ഒഴിവുകൾ Provisional ആയി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത വിധിയിൽ ട്രൈബ്യൂണലിൽ നിന്നും തുടർ ഉത്തരവുകൾ വരുന്നതുവരെ മേൽ ഒഴിവുകളിൽ പി.എസ്.സി. അഡ്വൈസ് നൽകരുതെന്നും വ്യക്തമാക്കിയിരുന്നു. ടി ഒഴിവുകൾ Provisional ആയി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നിയമനം നൽകുന്നതിന് സാധിക്കുകയില്ല. കൂടാതെ നിലവിൽ കാസർഗോഡ് ജില്ലയിൽ അനുവദിച്ചിട്ടുള്ള ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ ഒഴിവുകൾ ഒന്നുംതന്നെ ലഭ്യവുമല്ല. |
| (ബി) | ഇനി ഒരു പരീക്ഷയ്ക്ക് പങ്കെടുക്കാൻ കഴിയാത്ത തരത്തിൽ പ്രായപരിധി കടന്ന ഇവർക്ക് പ്രസ്തുത നിയമനം കോടതിയുടെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ലഭിക്കുമോ; വിശദമാക്കുമോ? | (ബി) | ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 760/2019 ഹർജിയിലെ 19.08.2019-ലെ വിധി പ്രകാരം കാസർഗോഡ് ജില്ലയിൽ ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്ത പഞ്ചായത്തുകളിലെ 25 ഒഴിവുകൾ Provisional ആയി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത വിധിയിൽ ട്രൈബ്യൂണലിൽ നിന്നും തുടർ ഉത്തരവുകൾ വരുന്നതുവരെ മേൽ ഒഴിവുകളിൽ പി.എസ്.സി. അഡ്വൈസ് നൽകരുതെന്നും വ്യക്തമാക്കിയിരുന്നു. ടി ഒഴിവുകൾ Provisional ആയി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നിയമനം നൽകുന്നതിന് സാധിക്കുകയില്ല. കൂടാതെ നിലവിൽ കാസർഗോഡ് ജില്ലയിൽ അനുവദിച്ചിട്ടുള്ള ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ ഒഴിവുകൾ ഒന്നുംതന്നെ ലഭ്യവുമല്ല. |

സെക്ഷൻ ഓഫീസർ